പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1753

04.10.2016 - ൽ മറുപടിക്ക്

## നന്മ സ്റ്റോറുകളും മൊബൈൽ ത്രിവേണി സ്റ്റോറുകളും

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ

,, ആർ. രാമചന്ദ്രൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. എൽദോ എബ്രഹാം

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ

(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ വകുപ്പിലെ കൺസ്യൂമർ ഫെഡിന് കീഴിൽ നിലവിലുണ്ടായിരുന്ന നന്മ സ്റ്റോറുകൾ, മൊബൈൽ ത്രിവേണി സ്റ്റോറുകൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ; | (എ) | അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ സഹകരണ സ്ഥാപനങ്ങളോ സർക്കാർ സ്ഥാപനമോ, വാടക രഹിതമായി സ്ഥലം അനുവദിച്ച സ്ഥലങ്ങളിലാണ് നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചത്. കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് ഇവയിൽ പലതും ഒഴിഞ്ഞ്കൊടുക്കുവാൻ കൺസ്യൂമർ ഫെഡറേഷൻ നിർബന്ധിതമായി. വില്പനക്കുറവ് കാരണമുണ്ടായ നഷ്ടം, ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലിഫോൺ, യാത്രാപ്പടി എന്നിവയ്ക്ക് പ്രതിമാസം ഒരു സ്റ്റോറിന് ചെലവാകുന്ന തുക എന്നിവ കൺസ്യൂമർഫെഡിന്റെ ബാദ്ധ്യതയായി മാറുകയും ചെയ്തിട്ടുണ്ട്. മേൽ കാരണങ്ങളാൽ നന്മ സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്തൊട്ടാകെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 142 മൊബൈൽ ത്രിവേണികൾ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇവയിൽ പ്രവർത്തിക്കുന്ന മൊബൈൽ ത്രിവേണികൾ 64 എണ്ണമാണ്. 78 മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം വാഹനം കേട് വന്നത് നന്നാക്കാനാകാത്ത സ്ഥിതിയായതിനാൽ താൽകാലികമായി നിർത്തിവെച്ചിരിക്കുകയാണ്. മൊബൈൽ ത്രിവേണികളുടെ വിൽപ്പന ലാഭകരമല്ലാത്തതിനാലും, വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കും മറ്റ് ചെലവുകൾക്കും, ടെസ്റ്റ് വർക്ക് എന്നിവയ്ക്കുമായി ഭീമമായ തുക ചെലവ് വരുന്നതിനാലും, |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാരുടെ ലഭ്യതക്കുറവുമൂലവുമാണ് പ്രവർത്തനം നിർത്തിയത്. മൊബൈൽ ത്രിവേണികളുടെ റൂട്ട് ക്രമീകരിച്ച് അവ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടികൾക്ക് രൂപം നൽകി വരുന്നു. |
| (ബി) | ഇവയുടെ പ്രവർത്തനത്തിൽ തളർച്ച ഉണ്ടാകാനിടയായ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | നന്മ സ്റ്റോറുകളുടെ വിൽപ്പന കുറയുകയും തുടർച്ചയായ നഷ്ടത്തിലേയ്ക്ക് നീങ്ങുകയുമുണ്ടായി. കൺസ്യൂമർഫെഡറേഷന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനം വിലയിരുത്തിയതിൽ ജീവനക്കാരുടെ വേതനം, വൈദ്യുതി, ടെലഫോൺ, യാത്രപ്പടി എന്നീയിനങ്ങളിൽ വരുന്ന ശരാശരി 18000/- മുതൽ 20000/- രൂപ വരെ പ്രതിമാസം ഒരു സ്റ്റോറിന് ചെലവാകുന്ന തുക മുഴുവൻ കൺസ്യൂമർഫെഡറേഷന്റെ ബാധ്യതയായി മാറുകയും ചെയ്തു സാഹചര്യങ്ങൾ വിലയിരുത്തിയാണ് നന്മ സ്റ്റോറുകൾ നിർത്തലാക്കിയത്. മൊബൈൽ ത്രിവേണികൾ ലാഭകരമല്ലാത്തതിനാലും, വാഹനങ്ങളുടെ അറ്റകുറ്റ പ്പണികൾ, മറ്റ് ചെലവുകൾ, ടെസ്റ്റ് വർക്ക് എന്നിവയ്ക്കായി ഭീമമായ തുക ചെലവ് വരുന്നതിനാലും, ആണ് അവയുടെ പ്രവർത്തനം നിർത്തിയത്. |
| (സി) | മൊബൈൽ ത്രിവേണി സ്റ്റോറുകളുടെയും, നന്മ സ്റ്റോറുകളുടെയും പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | പ്രവർത്തന യോഗ്യമല്ലാത്ത മൊബൈൽ ത്രിവേണി വാഹനങ്ങൾ നടപടി ക്രമങ്ങൾ പാലിച്ച് വിൽക്കുന്നതിനും മൊബൈൽ ത്രിവേണി ആവശ്യപ്പെടുന്ന പ്രൈമറി സർവ്വീസ് സഹകരണ സംഘങ്ങൾക്ക് അവ കൈമാറി നൽകുന്നതിനും നന്മ സ്റ്റോറുകൾ ഏറ്റെടുത്ത് നടത്താൻ തയ്യാറായി വരുന്ന പഞ്ചായത്ത്/കുടുംബശ്രീ എന്നിവരെ അവ ഏൽപ്പിക്കുന്നതിനും, നന്മ സ്റ്റോറുകൾക്ക് ബദൽ സംവിധാനം എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകൾ വഴി നീതി സ്റ്റോറുകൾ വ്യാപിപ്പിച്ച് കൺസ്യൂമർഫെഡ് ഉൽപ്പന്നങ്ങൾ ഗ്രാമതലത്തിൽ എത്തിക്കുന്നതിനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു. |

Reju

സെക്ഷൻ ഓഫീസർ